കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
തിരുവനന്തപുരം

പച്ചമലയാളം കോഴ്സ്

# കോഴ്സ് കലണ്ടർ

# 2026–27

# ബാച്ച്–3

പൊതുവിദ്യാഭ്യാസവകുപ്പ്
തദ്ദേശസ്വയംഭരണവകുപ്പ്
കേരള സർക്കാർ

# ആമുഖം

കേരളസംസ്ഥാന സാക്ഷരതാമിഷൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസവകുപ്പിന്റെ അക്കാദമിക പിന്തുണയോടെ പ്രവർത്തിക്കുന്ന സ്വയം ഭരണാവകാശമുള്ള ഒരു സർക്കാർ സ്ഥാപനമാണ്. 'ഏവർക്കും വിദ്യാഭ്യാസം എന്നെന്നും വിദ്യാഭ്യാസം' എന്ന ലക്ഷ്യം മുൻനിറുത്തി പ്രവർത്തിക്കുന്ന സാക്ഷരതാമിഷൻ 1998 ഒക്ടോബർ 26ന് രൂപീകൃതമായി. നാലാംതരം, ഏഴാംതരം, പത്താംതരം, ഹയർ സെക്കൻഡറി ക്ലാസുകളിലേക്കുള്ള തുല്യതാപാഠ്യപദ്ധതികൾ നടപ്പാക്കുന്നതിനോടൊപ്പം പലതരത്തിലുള്ള ഹ്രസ്വകാല വിദ്യാഭ്യാസകോഴ്സുകളും സാക്ഷരതാമിഷൻ സംഘടിപ്പിക്കുന്നുണ്ട്. സർട്ടിഫിക്കറ്റ് കോഴ്സുകളായ അച്ഛീഹിന്ദി, ഗുഡ് ഇംഗ്ലീഷ് എന്നിവയും ഇ-മുറ്റം, സൈബർ ലിറ്ററസി, സമന്വയ, സമഗ്ര, നവചേതന, ജൻഡർ ലിറ്ററസി, പൗരധ്വനി തുടങ്ങിയ പാഠ്യപദ്ധതികളും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിർദേശിക്കുന്ന സാമൂഹ്യ സാക്ഷരത/തുടർവിദ്യാഭ്യാസപരിപാടികളും സാക്ഷരതാമിഷൻ ഏറ്റെടുത്ത് നടപ്പാക്കുന്നു.

ലോകത്തെമ്പാടുമുള്ള പരിഷ്കൃതസമൂഹങ്ങൾ മാതൃഭാഷയ്ക്കും മാതൃഭാഷാമാധ്യമത്തിലുള്ള സ്കൂൾവിദ്യാഭ്യാസത്തിനും വലിയ പ്രാധാന്യമാണ് നൽകുന്നത്. കേരളത്തിലെ പൊതുവിദ്യാഭ്യാസപദ്ധതിയും മാതൃഭാഷാവിദ്യാഭ്യാസത്തിന് പ്രമുഖസ്ഥാനം നൽകിവരുന്നു. അതിനാൽ കേരളീയരിൽ ബഹുഭൂരിപക്ഷത്തിനും മാതൃഭാഷാവിദ്യാഭ്യാസത്തിന് അവസരം ലഭിക്കുന്നുണ്ട്. പല കാരണങ്ങളാൽ മലയാളഭാഷ അറിയാത്തവരായി ഒരു ന്യൂനപക്ഷം കേരളീയർ സംസ്ഥാനത്തിനകത്തും പുറത്തുമുണ്ട്. അങ്ങനെയുള്ളവർക്ക് മലയാളഭാഷ പഠിക്കുന്നതിനും സ്വന്തം ഭാഷാപാരമ്പര്യത്തിന്റെ മധുരം നുണയുന്നതിനും ആ സംസ്കാരത്തിന്റ ഭാഗമാകുന്നതിനും ഒരു സാഹചര്യം ഒരുക്കേണ്ടതാണ്. മാത്രമല്ല ഭരണഭാഷയും കോടതി ഭാഷയുമൊക്കെ പൂർണമായും മലയാളം ആകേണ്ടതുമുണ്ട്. ഫയലുകളും സർക്കാർ വിനിമയങ്ങളും മലയാളത്തിലായിക്കഴിഞ്ഞു. പിഎസ്സി പരീക്ഷകളിൽ മലയാളം നിർബന്ധമാകുകയും ചെയ്തിട്ടുണ്ട്. ഇത്തരം സാമൂഹികസമ്മർദ്ദങ്ങൾ മലയാളപഠനം അനിവാര്യമാണെന്ന തോന്നൽ ഉണ്ടാകാൻ കാരണമായിട്ടുണ്ട്. ഈ സവിശേഷ സാഹചര്യത്തിലാണ് കേരള സംസ്ഥാന സാക്ഷരതാമിഷൻ നിലവിലുണ്ടായിരുന്ന പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് പരിഷ്കരിക്കാൻ തീരുമാനിച്ചത്. ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ നേടേണ്ട മലയാള ഭാഷാപഠനശേഷികൾ സ്വായത്തമാക്കാൻ പര്യാപ്തമായ രീതിയിലാണ് കോഴ്സ് വിഭാവനം ചെയ്തിട്ടുള്ളത്. സാക്ഷരതാമിഷന്റെ പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് ഒരു തുല്യതാ കോഴ്സാണ്.

പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സ് ഒന്നാംഭാഗത്തിന്റെയും രണ്ടാംഭാഗത്തിന്റെയും സമ്പർക്കപഠനക്ലാസുകളുടെ സമയക്രമം, നിർദേശങ്ങൾ, ക്ലാസ് പരീക്ഷകൾ, നിരന്തര മൂല്യനിർണയം, പൊതുപരീക്ഷ എന്നിവ ഉൾപ്പെടുത്തിയാണ് കോഴ്സ് കലണ്ടർ പ്രസിദ്ധപ്പെടുത്തുന്നത്. സെന്റർ കോ-ഓർഡിനേറ്റർ, ജില്ലാ കോ-ഓർഡിനേറ്റർ എന്നിവരുടെ ഉത്തരവാദിത്തങ്ങളും ചുമതലകളും ഇതിൽ വ്യക്തമാക്കിയിട്ടുണ്ട്. സംഘാടകരും അധ്യാപകരും പഠിതാക്കളും ഈ കലണ്ടറിലെ സമയക്രമം അനുസരിച്ച് കോഴ്സ് പൂർത്തീകരിക്കാൻ ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

സസ്നേഹം

തിരുവനന്തപുരം

ഒലീന എ ജി
ഡയറക്ടർ

# പച്ചമലയാളം കോഴ്സ്
## സമ്പർക്കപഠന ക്ലാസ് – സംഘാടനവും പ്രവർത്തനവും

### I. പൊതുനിർദേശങ്ങൾ

1. പഠിതാക്കളുടെ എണ്ണം അനുസരിച്ച് ജില്ലാതലത്തിൽ ആവശ്യമായ പഠനകേന്ദ്രങ്ങൾ നിശ്ചയിക്കേണ്ടതാണ്.
2. ഒരു ക്ലാസിൽ കുറഞ്ഞത് അൻപത് പഠിതാക്കളെങ്കിലും ഉണ്ടായിരിക്കണം. ജില്ലാ കോ-ഓർഡിനേറ്റർ സംസ്ഥാന സാക്ഷരതാമിഷന്റെ അംഗീകാരത്തോടെ സെന്ററുകൾ നിശ്ചയിക്കേണ്ടതാണ്. അറുപതിലധികം പഠിതാക്കളുണ്ടെങ്കിൽ രണ്ട് ബാച്ചായി ക്ലാസുകൾ ക്രമീകരിക്കേണ്ടതാണ്.
3. പൊതുവിദ്യാലയങ്ങൾ സെന്ററായി തെരഞ്ഞെടുക്കേണ്ടതാണ്.
4. എല്ലാ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലുമാണ് ക്ലാസുകൾ നടത്തേണ്ടത്.
5. പഠനത്തിന് 3 മണിക്കൂർ ദൈർഘ്യമുള്ള 20 ദിവസങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. സമയക്രമം പഠിതാക്കളുടെ സൗകര്യാർഥം അതത് സെന്റർ കോ-ഓർഡിനേറ്റർമാർക്ക് നിശ്ചയിക്കാവുന്നതാണ്.

### കോഴ്സ് വിവരങ്ങൾ

1. പച്ചമലയാളം അടിസ്ഥാന കോഴ്സ്, അഡ്വാൻസ് കോഴ്സ് എന്നിങ്ങനെ രണ്ടു ഘട്ടമായാണ് പൂർത്തിയാകുന്നത്. പച്ചമലയാളം അടിസ്ഥാനകോഴ്സിന് ഒരു പേപ്പർ ആയിരിക്കും ഉണ്ടായിരിക്കുക. കോഴ്സ് കലണ്ടർ പ്രകാരം ടൈംടേബിൾ തയ്യാറാക്കി പഠിതാക്കൾക്ക് നൽകുകയും അതനുസരിച്ച് ക്ലാസുകൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും വേണം.
2. സ്വയംപഠനം, സഹപഠനം, സമ്പർക്കപഠനം എന്നീ രീതികൾ ഉൾക്കൊള്ളുന്നതാണ് പച്ചമലയാളം അടിസ്ഥാനകോഴ്സ്.
3. 60 മണിക്കൂർ മുഖാമുഖമായും 30 മണിക്കൂർ ഓൺ ലൈനായും ആണ് ഓരോ ഘട്ടത്തിലും ക്ലാസുകൾ നടക്കുന്നത്.
4. സ്വയംപഠനപ്രവർത്തനങ്ങൾ, പ്രയോജനപ്പെടുത്തേണ്ട സമയം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വിഷയത്തിന്റെ അധ്യാപകസഹായിയിൽ നൽകിയിട്ടുണ്ട്.
5. പഠിതാക്കളുടെ ഹാജർബുക്ക്, അധ്യാപക പ്രവൃത്തിദിനരജിസ്റ്റർ എന്നിവ സെന്റർ കോ-ഓർഡിനേറ്റർ സൂക്ഷിക്കേണ്ടതാണ്.

## II. സെന്റർ കോ-ഓർഡിനേറ്റർമാരുടെ ചുമതലകൾ

1. പഠനകേന്ദ്രങ്ങളിലെ സെന്റർ കോ-ഓർഡിനേറ്റർമാർ പരിചയ സമ്പന്നരായ പ്രേരക്മാരായിരിക്കണം.
2. ക്ലാസുകളുടെ നടത്തിപ്പിന്റെ മുഴുവൻ ചുമതലയും സെന്റർ കോ-ഓർഡിനേറ്റർമാർക്കാണ്.
3. പ്രേരക്മാരോ സെന്റർ കോ-ഓർഡിനേറ്റർമാരോ ഒരു കാരണവശാലും സമ്പർക്കപഠനക്ലാസുകൾ നയിക്കുന്ന അധ്യാപകരാകാൻ പാടില്ല.
4. പഠനക്ലാസുകൾ നടക്കുന്ന ദിവസങ്ങളിൽ സെന്റർ കോ-ഓർഡിനേറ്റർ പൂർണ്ണ സമയവും സെന്ററിൽ ഉണ്ടായിരിക്കണം.
5. പഠനകേന്ദ്രങ്ങളിലെ ഹാജർപുസ്തകം, അധ്യാപക പ്രവർത്തിദിനരജിസ്റ്റർ, സന്ദർശകഡയറി, മാർക്ക് രജിസ്റ്റർ, മറ്റ് റെക്കോർഡുകൾ എന്നിവ സൂക്ഷിക്കേണ്ടത് സെന്റർ കോ-ഓർഡിനേറ്ററാണ്. അധ്യാപക രജിസ്റ്ററുകളിൽ ഓരോ ദിവസത്തെയും പ്രവർത്തനങ്ങൾ അന്നുതന്നെ രേഖപ്പെടുത്തേണ്ടതാണ്. കോഴ്സ് കഴിഞ്ഞാൽ സന്ദർശകഡയറി ഒഴികെ മറ്റ് രേഖകൾ ജില്ലാ സാക്ഷരതാമിഷന് കൈമാറേണ്ടതാണ്.
6. പഠനകേന്ദ്രം സന്ദർശിക്കുന്നവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിന് സന്ദർശക ഡയറി കേന്ദ്രത്തിൽതന്നെ സൂക്ഷിക്കേണ്ടതാണ്.
7. ജില്ലാ കോ-ഓർഡിനേറ്റർ വിളിച്ചുചേർക്കുന്ന അവലോകന യോഗങ്ങളിൽ സെന്റർ കോ-ഓർഡിനേറ്റർ കൃത്യമായി പങ്കെടുക്കേണ്ടതും കേന്ദ്രത്തിലെ പ്രവർത്തന റിപ്പോർട്ട് രേഖാമൂലം സമർപ്പിക്കേണ്ടതുമാണ്.
8. ഓരോ മാസവും പൂർത്തിയാകേണ്ട പഠനഭാഗങ്ങൾ കൃത്യമായി പൂർത്തിയാക്കിയെന്ന് സെന്റർ കോ-ഓർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതും കോഴ്സ് കൺവീനർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
9. പഠിതാക്കൾ തുടർച്ചയായി ക്ലാസുകളിൽ ഹാജരാകുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ഹാജരാകാത്തവരെയും ഇടവിട്ട് മാത്രം ഹാജരാകുന്നവരെയും നേരിൽ സന്ദർശിച്ച് നിർബന്ധമായും ക്ലാസുകളിൽ എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
10. നിരന്തരമൂല്യനിർണയവുമായി ബന്ധപ്പെട്ട രേഖകൾ പഠനകേന്ദ്രത്തിൽ സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ടവർ ആവശ്യപ്പെടുമ്പോൾ നൽകേണ്ടതുമാണ്.
11. അധ്യാപകരുടെയും അനധ്യാപകരുടെയും ഓണറേറിയം സംബന്ധിച്ച രേഖകൾ യഥാസമയം സമർപ്പിക്കേണ്ട ഉത്തരവാദിത്തം സെന്റർ കോ-ഓർഡിനേറ്ററുടേതാണ്.
12. ക്ലാസുകൾ മുടക്കംകൂടാതെ നടക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ജില്ലാ കോ-ഓർഡിനേറ്ററുടെ മുൻകൂർ അനുമതി ഇല്ലാതെ ക്ലാസുകൾക്ക് അവധി നൽകാൻ പാടില്ല.

13. ക്ലാസ് പരീക്ഷകൾ, മോഡൽ പരീക്ഷകൾ, കോഴ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന സാക്ഷരതാമിഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ എന്നിവ പഠിതാക്കളെയും അധ്യാപകരെയും യഥാസമയം അറിയിക്കേണ്ടതാണ്.
14. പൊതുപരീക്ഷയ്ക്ക് അപേക്ഷിക്കേണ്ട വിധം, പരീക്ഷാഫീസ്, സമർപ്പിക്കേണ്ട രേഖകൾ തുടങ്ങിയവ സംബന്ധിച്ച് യഥാസമയം നിർദേശങ്ങൾ നൽകുന്നതാണ്.

## III പച്ചമലയാളം കോഴ്സിന്റെ അധ്യാപകർ

1. പച്ചമലയാളം അടിസ്ഥാനകോഴ്സിന്റെ അധ്യാപകരുടെ അടിസ്ഥാനയോഗ്യത മലയാളസാഹിത്യത്തിൽ ബിരുദവും ഡി.ഇഎൽ.എഡ്/ബി.എഡ് ആയിരിക്കും. പച്ചമലയാളം അഡ്വാൻസ് കോഴ്സിന്റെ അധ്യാപകരുടെ അടിസ്ഥാനയോഗ്യത മലയാളസാഹിത്യത്തിൽ ബിരുദവും ബി.എഡും ആയിരിക്കും. സാക്ഷരതാ മിഷൻ നടത്തുന്ന പരിശീലനം നേടിയവരാകണം അധ്യാപകർ.
2. അധ്യാപകസഹായി പ്രയോജനപ്പെടുത്തിക്കൊണ്ടുവേണം ഓരോ പാഠഭാഗ ത്തിനും ആവശ്യമായ മുന്നൊരുക്കവും അധ്യാപനകുറിപ്പും തയ്യാറാക്കേണ്ടത്.
3. ഓരോ മാസവും പഠിപ്പിച്ച പാഠഭാഗത്തെ അടിസ്ഥാനമാക്കി കലണ്ടറിലെ വിലയിരുത്തൽ സമീപനത്തിലെ നിർദേശങ്ങൾ അനുസരിച്ച് വിലയിരുത്തൽ നടത്തേണ്ടതാണ്. ആവശ്യമായ ചോദ്യങ്ങൾ അധ്യാപകർ തന്നെ തയ്യാറാക്കണം. നിരന്തര വിലയിരുത്തൽ യഥാസമയം നടത്തി സ്കോർ രേഖ പ്പെടുത്തേണ്ടതാണ്.

## IV ജില്ലാ കോ-ഓർഡിനേറ്റർ

സംസ്ഥാന സാക്ഷരതാമിഷന്റെ നിർദേശങ്ങൾക്കനുസരിച്ച് കോഴ്സുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കേണ്ട ഉത്തരവാദിത്തം ജില്ലാ കോ-ഓർഡിനേറ്റർക്കാണ്.

1. ജില്ലയിലെ മുഴുവൻ പഠനകേന്ദ്രങ്ങളുടെയും സംഘാടക-അക്കാദമിക പ്രവർത്ത നങ്ങളുടെ ഏകോപനവും മേൽനോട്ടവും ജില്ലാ കോ-ഓർഡിനേറ്റർക്കാണ്.
2. മാസത്തിലൊരിക്കൽ ജില്ലയിലെ ഓരോ പഠനകേന്ദ്രവും സന്ദർശിച്ച് പഠന പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതുമാണ്.
3. പഠനകേന്ദ്രത്തിലെ അധ്യാപകരുടെ കാര്യശേഷി വിലയിരുത്തുകയും പഠിതാക്കളുടെ അഭിപ്രായങ്ങൾ ആരായുകയും പഠനപ്രക്രിയ ഫലപ്രദമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

4. സെന്റർ കോ-ഓർഡിനേറ്റർമാരുടെ അവലോകന യോഗങ്ങൾ മാസത്തിലൊരിക്കൽ വിളിച്ചുചേർത്ത് പഠനപുരോഗതി വിലയിരുത്തേണ്ടതും വിശദമായ റിപ്പോർട്ട് സംസ്ഥാന ഓഫീസിൽ അയച്ചുതരേണ്ടതുമാണ്.
5. പഠനകേന്ദ്രങ്ങളിലെ ക്ലാസുകൾ കോഴ്സ് കലണ്ടർ പ്രകാരമാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്തണം.
6. അധ്യാപകരുടെ ഓണറേറിയം സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ യഥാസമയം അയക്കുന്നു എന്ന് ഉറപ്പുവരുത്തുകയും അവ സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
7. പഠനകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന്ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ആയതു സംബന്ധിച്ച നിർദേശങ്ങൾ സംസ്ഥാന സാക്ഷരതാമിഷന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.
8. സെന്റർ കോ-ഓർഡിനേറ്റർമാർ ജില്ലാ ഓഫീസിൽ സമർപ്പിക്കുന്ന എല്ലാ രേഖകളും ജില്ലാ കോ-ഓർഡിനേറ്റർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## V പഠനക്ലാസുകൾ

പഠനക്ലാസുകൾ ഞായർ, രണ്ടാം ശനി, പൊതു അവധികൾ എന്നീ ദിവസങ്ങളിലാണ് നടത്തേണ്ടത്. 2025-2026ൽ പഠനക്ലാസുകൾക്ക് ലഭിക്കാവുന്ന ദിവസങ്ങൾ താഴെ ചേർത്തിരിക്കുന്നു. ചില പൊതുഅവധി ദിവസങ്ങൾ മാത്രമേ ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. പ്രവർത്തന സൗകര്യമനുസരിച്ച് മറ്റ് ഒഴിവു ദിവസങ്ങളിലും ആവശ്യമെങ്കിൽ ക്ലാസുകൾ സംഘടിപ്പിക്കാം. രണ്ടാം ശനിയാഴ്ചകൾ ഓരോ മാസത്തെയും പ്രവർത്തനങ്ങൾ വിലയിരുത്താൻ ഉപയോഗിക്കാം.

**പഠനക്ലാസുകൾക്ക് ലഭിക്കാവുന്ന ദിനങ്ങൾ**

| | |
|---|---|
| 2026 ഏപ്രിൽ | 19, 26 |
| മെയ് | 01, 03, 09, 10, 17, 24, 31 |
| ജൂൺ | 7, 13, 14, 21, 28 |
| ജൂലൈ | 5, 11, 12, 19, 26 |
| ആഗസ്റ്റ് | 2, 8, 9, 15, 16, 23, 30 |

## VI വിലയിരുത്തൽ സമീപനം

പഠനം സ്വാഭാവികമായും നിരന്തരമായും നടക്കേണ്ട പ്രക്രിയയാണ്. പഠനം കാര്യക്ഷമമാകണമെങ്കിൽ പഠനാനുഭവങ്ങൾ പഠനലക്ഷ്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ളതാകണം. പഠനലക്ഷ്യങ്ങൾ ഉറപ്പാക്കുന്ന തരത്തിലുള്ള

പഠനസമീപനം സ്വീകരിക്കുമ്പോൾ അതിന് അനുഗുണമായ വിലയിരുത്തൽ സമീപനവും സ്വീകരിക്കേണ്ടതുണ്ട്. ആയതിനാൽ പഠനലക്ഷ്യങ്ങൾക്ക് ഊന്നൽ നൽകുന്ന വിലയിരുത്തൽ സമീപനമാണ് (Outcome focused assessment approach) സ്വീകരിക്കേണ്ടത്. പഠനലക്ഷ്യങ്ങൾക്ക് ഊന്നൽ നൽകി രൂപപ്പെടുത്തുന്ന പഠനപ്രവർത്തനങ്ങളിൽ പഠിതാവിന്റെ സജീവപങ്കാളിത്തം ഉറപ്പുവരുത്തണം. പഠനപ്രക്രിയയിലൂടെ നേടേണ്ട ശേഷികളെയും ധാരണകളെയും സംബന്ധിച്ച് അധ്യാപകർക്കും പഠിതാക്കൾക്കും വ്യക്തമായ അവബോധം ഉണ്ടാകണം.

നേടിയ ശേഷികളും ധാരണകളും പഠനലക്ഷ്യങ്ങൾ ഉറപ്പാക്കുന്നതിന് എത്രമാത്രം പര്യാപ്തമാണ്, പഠനലക്ഷ്യങ്ങൾ കൈവരിക്കാൻ ഇനിയും ശേഷി ക്കുന്നവർ ആരെല്ലാം, നൽകേണ്ടുന്ന തുടരനുഭവങ്ങൾ ഏതെല്ലാമാകണം, അവ എങ്ങനെ നൽകും തുടങ്ങിയ ചിന്തകളാണ് വിലയിരുത്തലിന്റെ ഭാഗമായി അധ്യാപകരിൽ ഉണ്ടാകേണ്ടത്.

പാഠഭാഗത്തിന്റെ വിനിമയത്തിനുശേഷം 'എന്തൊക്കെ പഠനലക്ഷ്യങ്ങൾ കൈവ രിച്ചു' എന്ന് വിലയിരുത്തുന്ന പ്രക്രിയയെ 'പഠനത്തെ വിലയിരുത്തൽ' (Assessment of learning) എന്നു പറയുന്നു. പഠനത്തിനുശേഷമുള്ള പഠിതാവിന്റെ മികവ്, പഠനനിലവാരം എന്നിവയാണ് ഇവിടെ വിലയിരുത്തപ്പെടുന്നത്. ഇത് വിലയിരുത്തലിന്റെ ഒരുതലം മാത്രമേ ആകുന്നുള്ളൂ.

പഠനം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള വിലയിരുത്തലിനാണ് കൂടുതൽ പ്രാമുഖ്യം കൽപ്പിക്കേണ്ടത്. പഠനം നടക്കുന്ന വേളയിൽ അതിന്റെ കാര്യക്ഷ മതയ്ക്കുവേണ്ടി അധ്യാപകരോ സഹപാഠികളോ നടത്തുന്ന വിവിധ ഇടപെട ലുകൾ ഉണ്ടാകാം. പഠനത്തിനോടൊപ്പമുള്ള ഈ ഇടപെടലും ഫീഡ്ബാക്ക് നൽകലും വിലയിരുത്തലിന്റെ മറ്റൊരു തലമാണ്. ഇതിനെ പഠനത്തിനായുള്ള വിലയിരുത്തൽ (Assessment for learning) എന്ന് പറയുന്നു. ഇത് പഠനപുരോഗ തിക്കുവേണ്ടി നിരന്തരം നിർവഹിക്കേണ്ടതും പഠനപ്രവർത്തനത്തോട് ഇഴചേർന്ന് നിൽക്കേണ്ടതുമാണ്.

പഠനത്തിലൂടെ നേടിയ ആശയങ്ങളെയും ധാരണകളെയും വിമർശനാത്മക മായി പരിശോധിക്കുകയും മാറ്റങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന തിരുത്തൽ പ്രക്രിയയും ഉണ്ട്. ഇതിനെ സ്വയംവിലയിരുത്തലായി കരുതാം. ഇപ്രകാരം സ്വയം നിർവഹിക്കുന്ന വിലയിരുത്തലിലൂടെയും പഠനം സാധ്യമാകുന്നു. ഇതിനെ വിലയിരുത്തൽ തന്നെ പഠനം (Assessment as learning) എന്ന് വിശേഷിപ്പിക്കാം. ഇതിലൂടെ മെച്ചപ്പെട്ടരീതിയിൽ എങ്ങനെ പഠിക്കാം എന്ന് പഠിതാവ് ധാരണയുണ്ടാക്കുന്നു (Learning to learn). പഠനം കൂടുതൽ

കാര്യക്ഷമമാവാൻ 'പഠനത്തിനായുള്ള വിലയിരുത്തൽ', 'വിലയിരുത്തൽ തന്നെ പഠനം' എന്നിവയ്ക്ക് ഊന്നൽ നൽകേണ്ടതുണ്ട്. പഠനം ഫലപ്രദമാകുന്നതിനുള്ള വിലയിരുത്തൽ പ്രക്രിയകൾക്ക് പ്രാധാന്യം നൽകുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. വിലയിരുത്തലിനായി ICT/ഡിജിറ്റൽ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.

## നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ (CCE)

പഠിതാവിൽ അനുസ്യൂതമായി നടക്കുന്ന ഒരു പ്രക്രിയയാണ് പഠനം. അതുകൊണ്ടുതന്നെ ശേഷികളും ധാരണകളും എത്രത്തോളം നേടി എന്ന് പരിശോധിക്കുന്ന വിലയിരുത്തൽ പ്രക്രിയയും നിരന്തരമായിരിക്കണം. സമഗ്രമായ വിലയിരുത്തൽ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പഠിതാവിന്റെ വൈജ്ഞാനിക സാമൂഹിക-വൈകാരിക മേഖലകളുടെ വിലയിരുത്തലാണ്.

CCEക്ക് പരിഗണിക്കേണ്ട രണ്ട് മേഖലകളാണ്.

(1) വൈജ്ഞാനിക മേഖല

(2) സാമൂഹ്യ-വൈകാരിക മേഖല

### വൈജ്ഞാനിക മേഖലയിലെ വികാസം സംബന്ധിച്ച വിലയിരുത്തൽ

പച്ചമലയാളം കോഴ്സിൽ പഠനലക്ഷ്യങ്ങളെ മുൻനിർത്തി പഠിതാവ് ആർജ്ജിച്ച ഭാഷാശേഷികളാണ് വിലയിരുത്തേണ്ടത്. രണ്ട് തരത്തിലുള്ള വിലയിരുത്തലാണ് നിർദേശിക്കുന്നത്.

1. നിരന്തര വിലയിരുത്തൽ (CE)
2. കോഴ്സ് വിലയിരുത്തൽ (TE)

## നിരന്തര വിലയിരുത്തൽ (CE) മേഖലകൾ

താഴെപ്പറയുന്ന രീതിയിലുള്ള നിരന്തരവിലയിരുത്തലാണ് നിർദേശിക്കുന്നത്.

1. പ്രക്രിയാവിലയിരുത്തൽ - പഠനക്ലാസിലെ വിവിധ പ്രവർത്തനങ്ങൾ
2. പോർട്ട് ഫോളിയോ വിലയിരുത്തൽ - എല്ലാ പഠനപ്രപർത്തനങ്ങളുടേയും ഉൽപ്പന്നങ്ങൾ ഉൾക്കൊള്ളുന്ന പഠിതാക്കളുടെ നോട്ട് ബുക്ക് ആണ് പോർട്ട് ഫോളിയോ ആയി പരിഗണിച്ച് നിരന്തരവിലയിരുത്തലിന് വിധേയമാക്കേണ്ടത്.
3. യൂണിറ്റ്തല വിലയിരുത്തൽ - എഴുത്തുപരീക്ഷ, വാചാപരീക്ഷ.

**പ്രക്രിയാവിലയിരുത്തൽ:**

പഠനലക്ഷ്യങ്ങൾ ആർജിക്കുന്നതിന് പഠിതാവും അധ്യാപകരും വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. പഠിതാവിന്റെ പ്രവർത്തനങ്ങളിലെ പങ്കാളിത്തം, പഠിതാവിന്റെ പ്രകടനത്തിലെയും അവതരണത്തിലെയും മികവ്, പഠിതാവിന്റെ സർഗാത്മകത, നിർദിഷ്ട ശേഷികൾ എത്രമാത്രം ആർജിക്കാൻ കഴിഞ്ഞിട്ടുണ്ട് തുടങ്ങിയ കാര്യങ്ങൾ അധ്യാപകർ വിലയിരുത്തേണ്ടതുണ്ട്. ചുവടെ കൊടുത്തിരിക്കുന്ന സൂചകങ്ങൾ വിലയിരുത്തലിന് ഉപയോഗിക്കാം.

1. പ്രവർത്തനത്തിലെ പങ്കാളിത്തം
2. ആശയധാരണ
3. ഭാഷാശേഷികൾ, നൈപുണികൾ
4. മൂല്യങ്ങൾ, മനോഭാവങ്ങൾ ആർജിക്കൽ
5. പ്രകടനം/അവതരണം
6. രേഖപ്പെടുത്തൽ/തയ്യാറാക്കൽ

പ്രക്രിയാവിലയിരുത്തൽ നിർവഹിക്കുമ്പോൾ ഓരോ സൂചകവും അടിസ്ഥാനമാക്കി വിലയിരുത്തൽ നിർവഹിക്കണം. ഉദാഹരണമായി പ്രവർത്തനത്തിലെ പങ്കാളിത്തം എന്ന സൂചകം അടിസ്ഥാനമാക്കി വിലയിരുത്തുമ്പോൾ ഏറ്റവും മികച്ച പങ്കാളിത്തമുള്ളവർ, മികച്ച പങ്കാളിത്തമുള്ളവർ, ശരാശരി പങ്കാളിത്തമുള്ളവർ, ഇനിയും മെച്ചപ്പെടേണ്ടവർ എന്നിങ്ങനെ വിലയിരുത്തൽ പേജിൽ രേഖപ്പെടുത്തൽ ഉണ്ടാവണം. ഇപ്രകാരം എല്ലാ പഠിതാക്കളെയും പ്രക്രിയയുടെ ഭാഗമായി വിലയിരുത്തൽ നടത്തി രേഖപ്പെടുത്തണം.

പ്രക്രിയാവിലയിരുത്തൽ, സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ, അധ്യാപക വിലയിരുത്തൽ എന്നിവയ്ക്ക് സാധ്യതകൾ നൽകേണ്ടതാണ്.

നിരന്തര വിലയിരുത്തലിന്റെ ഭാഗമായി പഠനപ്രക്രിയ വിലയിരുത്തേണ്ടത് എങ്ങനെയെന്ന് പരിശോധിക്കാം.

- **പ്രവർത്തനത്തിലെ പങ്കാളിത്തം**
  - പ്രവർത്തനം ഏറ്റെടുത്തോ?
  - വ്യക്തിഗതമായി ചെയ്യാൻ ശ്രമിച്ചിട്ടുണ്ടോ?
  - ഗ്രൂപ്പിൽ ഫലപ്രദമായി ഇടപെട്ടിട്ടുണ്ടോ?
  - ആശയങ്ങൾ പങ്കുവച്ചിട്ടുണ്ടോ?
  - മറ്റുള്ളവരുടെ പങ്കാളിത്തത്തെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടോ?
- **ആശയധാരണ**
  - ഉള്ളടക്കപരമായ ധാരണ

- അറിവുനിർമ്മാണ ഘട്ടങ്ങൾ
- ആശയസ്വാംശീകരണത്തിലെ മികവ്
- ആശയങ്ങളുടെ പ്രയോഗശേഷി

○ **ശേഷികൾ ആർജിക്കൽ**
- ശേഷിയിലെ മികവ്
- പഠിതാവിന്റെ താൽപ്പര്യവും മുൻകൈയെടുക്കലും

○ **പ്രകടനം/അവതരണം**
- വ്യക്തിഗത പ്രവർത്തനത്തിന് ശേഷവും ഗ്രൂപ്പ് പ്രവർത്തനത്തിന് ശേഷവും കണ്ടെത്തിയ കാര്യം അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്.
- നിഗമനം യുക്തിപൂർവം സമർത്ഥിക്കാൻ കഴിഞ്ഞിട്ടുണ്ട്.

○ **രേഖപ്പെടുത്തൽ/തയ്യാറാക്കൽ**
- പ്രവർത്തനത്തിലൂടെ കടന്നുപോയപ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്.
- രേഖപ്പെടുത്തലുകൾ മറ്റുള്ളവർക്ക് മനസ്സിലാകുന്ന രീതിയിൽ ആണ്.
- രേഖപ്പെടുത്തലുകൾക്ക് അടുക്കും ചിട്ടയും ഉണ്ട്.
- വ്യക്തിഗതമായും ഗ്രൂപ്പുചർച്ചയ്ക്ക്ശേഷവും പൊതുചർച്ചയ്ക്ക്ശേഷവും രേഖപ്പെടുത്തലുകൾ നിർവഹിച്ചിട്ടുണ്ടോ?

○ **പോർട്ട്ഫോളിയോ വിലയിരുത്തൽ**

പഠനപ്രവർത്തനത്തിലൂടെ കടന്നുപോകുമ്പോൾ രൂപപ്പെടുന്ന എല്ലാ ഉൽപ്പന്നങ്ങളുടെയും ഒരു സമാഹാരമാണ് പോർട്ട്ഫോളിയോ. പഠനത്തെ സംബന്ധിച്ച് പഠിതാവിനും ബന്ധപ്പെട്ടവർക്കും അധ്യാപകർക്കും ഫീഡ്ബാക്ക് നൽകുക എന്ന ധർമമാണ് പോർട്ട്ഫോളിയോ നിർവഹിക്കുന്നത്.

പോർട്ട്ഫോളിയോയിൽ ഉൾപ്പെടേണ്ടവ

- നോട്ട്ബുക്ക് (പഠിതാക്കൾക്ക് പഠനസമയത്ത് എഴുതിയെടുക്കാവുന്ന റഫ്നോട്ടും പല തലങ്ങളിലുള്ള എഡിറ്റിങ്ങിനുശേഷം രൂപപ്പെടുന്ന ഉൽപ്പന്നങ്ങളും ഉൾപ്പെടുന്നത്.)
- യൂണിറ്റ് ടെസ്റ്റ്പേപ്പർ
- മറ്റ് പഠനത്തെളിവുകൾ, ചിത്രങ്ങൾ, ശേഖരങ്ങൾ, രചനകൾ, പഠനോപകരണങ്ങൾ, ഐ.സി.റ്റി സാധ്യതകളിലൂടെ രൂപപ്പെടുത്തിയ സൃഷ്ടികൾ തുടങ്ങിയവ.
- സർഗാത്മക സൃഷ്ടികൾ
- വർക്ക്ഷീറ്റുകൾ

പോർട്ട്ഫോളിയോ വിലയിരുത്തലിന് താഴെ കൊടുത്ത സൂചകങ്ങൾ ഉപയോഗിക്കാം

| | പരമാവധി സ്കോർ |
|---|---|
| • ആശയവ്യക്തത | 4 |
| • ഭാഷാശേഷികളുടെയും ധാരണകളുടെയും സ്വാംശീകരണം | 4 |
| • അനുയോജ്യമായ രൂപകൽപ്പന | 4 |
| • പൂർണത | 4 |
| • തനിമ | 4 |
| ആകെ | 20 |

**പഠനപ്രക്രിയയുടെയും പോർട്ട്ഫോളിയോയുടെയും സ്കോർ കണക്കാക്കുന്ന രീതി**

ഓരോ പ്രവർത്തനത്തിലും മുകളിൽ സൂചിപ്പിച്ച സൂചകങ്ങൾ ഉപയോഗിച്ച് എല്ലാ പഠിതാക്കളെയും വിലയിരുത്തി സ്കോർ രേഖപ്പെടുത്തണമെന്നില്ല. സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഒരു കോഴ്സിന്റെ മൊത്തം പ്രകടനത്തെയാണ് സ്കോർ നൽകി വിലയിരുത്തേണ്ടത്. പോർട്ടുഫോളിയോയിലെ രേഖപ്പെടുത്തലുകളെ അടിസ്ഥാനമാക്കി കോഴ്സിന്റെ ഒടുവിൽ ഇവയെ ക്രോഡീകരിച്ച് ഏറ്റവും മികച്ച പങ്കാളിത്തമുള്ളവർ, മികച്ച പങ്കാളിത്തമുള്ളവർ, ശരാശരി പങ്കാളിത്തമുള്ളവർ, ഇനിയും മെച്ചപ്പെടേണ്ടവർ എന്നിങ്ങനെ വിലയിരുത്തിയാണ് 4/3/2/1 സ്കോറുകൾ നൽകേണ്ടത്. 5 സൂചകങ്ങളും പരിശോധിച്ച് ഓരോ സൂചകത്തിനും സ്കോർ നൽകുമ്പോൾ പരമാവധി 20 സ്കോർ എന്ന് കണക്കാക്കാം.

- **യൂണിറ്റ്തല വിലയിരുത്തൽ**

ഒരു യൂണിറ്റിൽ വിവിധ പഠനനേട്ടങ്ങൾക്കുള്ള പ്രവർത്തനങ്ങൾ പരസ്പര ബന്ധത്തോടെയാണ് വിന്യസിച്ചിരിക്കുന്നത്. ഇതിന് ഒരു സമഗ്രസ്വഭാവമുണ്ട്. ഒരു യൂണിറ്റിലെ, പഠിതാവിന്റെ പഠനത്തെ വിലയിരുത്തുന്നതിലൂടെ ഈ സമഗ്രതാബോധത്തെയാണ് (മുഴുവൻ പഠനനേട്ടങ്ങളെയും) വിലയിരുത്തുന്നത്. വാചാപരീക്ഷകൾ, ക്വിസ് പ്രോഗ്രാം പുതിയ രചനകൾ വിലയിരുത്തൽ തുടങ്ങിയവ യൂണിറ്റ് വിലയിരുത്തലിന് പരിഗണിക്കാവുന്നതാണ്. നിശ്ചിത യൂണിറ്റിലെ പഠനലക്ഷ്യങ്ങളുടെ കാര്യത്തിൽ പഠിതാവ് എവിടെ നിൽക്കുന്നു എന്ന് തിരിച്ചറിയാൻ സഹായകമായ റേറ്റിങ്സ്കെയിൽ, ചെക്ക് ലിസ്റ്റ് തുടങ്ങിയവ ഉപയോഗിക്കാവുന്നതാണ്. യൂണിറ്റ് വിലയിരുത്തൽ പഠനപ്രവർത്തനത്തോടൊപ്പം സ്വാഭാവികമായി നടക്കേണ്ടതാണ്.

പ്രവർത്തനത്തിന്റെ സൂചകങ്ങളുടെ അടിസ്ഥാനത്തിലാണ് സ്കോർ നൽകേണ്ടത്. കോഴ്സിന്റെ അവസാനത്തിൽ നിശ്ചിത ഫോർമാറ്റിൽ ഓരോ യൂണിറ്റിലും ലഭിച്ച സ്കോറുകൾ ക്രോഡീകരിച്ച് രേഖപ്പെടുത്തണം. ഒരു കോഴ്സിൽ ഒന്നിലധികം യൂണിറ്റ് വിലയിരുത്തലുകൾ ഉണ്ടാകുമെന്നതുകൊണ്ട് യൂണിറ്റ് വിലയിരുത്തലുകളുടെ ശരാശരി ക്രോഡീകരിച്ച് കോഴ്സിന്റെ വിലയിരുത്തലായി കണക്കാക്കാവുന്നതാണ്.

അന്തിമ സ്കോർ നൽകുന്നതിനുമുമ്പുള്ള എല്ലാ രേഖപ്പെടുത്തലുകളും അധ്യാപകർ സൂക്ഷിക്കേണ്ടതാണ്.

**സ്കോർ രേഖപ്പെടുത്തൽ സംബന്ധിച്ച സൂചകങ്ങൾ**

i) പഠനലക്ഷ്യങ്ങൾ
ii) ആശയങ്ങൾ/ധാരണകൾ
iii) ശേഷികൾ, നൈപുണികൾ
iv) മൂല്യങ്ങൾ/മനോഭാവങ്ങൾ
v) പഠനസാമഗ്രികൾ
vi) പ്രതീക്ഷിക്കുന്ന ഉൽപ്പന്നങ്ങൾ
vii) സമയം

പ്രത്യേക പരിഗണന നൽകേണ്ട പഠിതാക്കൾക്കുള്ള അനുരൂപീകരണ പഠന പ്രവർത്തനങ്ങളുടെ ആസൂത്രണം, വിലയിരുത്തൽ സന്ദർഭങ്ങൾ, തന്ത്രങ്ങൾ, ടൂളുകൾ എന്നിവ ടീച്ചറുടെ കൈവശം ഉണ്ടാകേണ്ടതാണ്.

**'നോട്ട്ബുക്ക്' സംബന്ധിച്ച വിശദാംശങ്ങൾ**

വൈജ്ഞാനികമേഖലയുടെ വിലയിരുത്തലിന് അടിസ്ഥാനമാക്കേണ്ട പ്രധാന രേഖയാണ് പഠിതാവിന്റെ നോട്ട്ബുക്ക്. പഠനപ്രക്രിയകൾക്കനുസരിച്ച് വിവിധ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് നോട്ട്ബുക്ക് സഹായകമാണ്. പഠിതാവിന്റെ സർഗാത്മകത, ചിന്താപ്രക്രിയകൾ, ഭാഷാനൈപുണി, സാമൂഹിക-വൈകാരിക തലങ്ങൾ തുടങ്ങിയവ നോട്ട്ബുക്കിൽ പ്രതിഫലിക്കും. പാഠഭാഗം വിനിമയം ചെയ്യുന്നതിന് സ്വീകരിക്കുന്ന വിവിധ തന്ത്രങ്ങൾ, അവയുടെ പൂർത്തീകരണത്തിന് പഠിതാവ് നടത്തുന്ന മുന്നൊരുക്കങ്ങൾ, പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലെ ഇടപെടലുകൾ തുടങ്ങിയ എല്ലാ വിവരങ്ങളും നോട്ട്ബുക്കിൽ ഉണ്ടാകണം. പ്രവർത്തനത്തിലൂടെ രൂപപ്പെട്ട ഉൽപ്പന്നങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും നോട്ട്ബുക്കിൽ തന്നെയാണ്. പഠനപ്രവർത്തനത്തെ ശക്തിപ്പെടുത്താനായി അധ്യാപകർ നൽകുന്ന വിവരങ്ങളും നോട്ട്ബുക്കിൽ രേഖപ്പെടുത്താം.

സമയബന്ധിതമായി ലക്ഷ്യങ്ങൾ വിലയിരുത്തി പഠനപുരോഗതിക്ക് ആവശ്യമായ നിർദേശങ്ങളും കൈത്താങ്ങും അധ്യാപകർ നൽകണം.
ആശയവ്യക്തതയുള്ളതും സന്ദർഭങ്ങൾക്കും ആശയങ്ങൾക്കും യോജ്യമായ പരാമർശങ്ങൾ ഉള്ളതും സ്വന്തം ചിന്തകൾ സ്വാംശീകരിക്കുന്നതും പ്രതിഫലിപ്പിക്കുന്നതുമാവണം നോട്ട്ബുക്ക്. കാര്യങ്ങൾ മൗലീകമായി അവതരിപ്പിക്കണം. നോട്ട്ബുക്കിന് സമഗ്രതയും തുടർച്ചയും ഉണ്ടായിരിക്കണം.

**CE സ്കോർ കണ്ടെത്തുന്ന രീതി**

പച്ചമലയാളം അടിസ്ഥാനകോഴ്സിന്റെ പ്രക്രിയ, പോർട്ട്ഫോളിയോ, യൂണിറ്റ്തല വിലയിരുത്തൽ എന്നിവയിൽ ഓരോന്നിന്റെയും പരമാവധി സ്കോർ 20 ആയിരിക്കും. അവയുടെ ശരാശരി കണക്കാക്കി കോഴ്സ്തല രേഖപ്പെടുത്തൽ നടത്താവുന്നതാണ്. ഇത് ക്രോഡീകരിച്ച് രേഖപ്പെടുത്തുന്നതിന് Annexure - I ഫോർമാറ്റ് ഉപയോഗിക്കാം.

**കോഴ്സ് നിരന്തര വിലയിരുത്തൽ**

ക്ലാസ്റൂം പ്രവർത്തനങ്ങളിലൂടെ ഓരോ പഠിതാവും എത്രത്തോളം പഠനനേട്ടങ്ങൾ കൈവരിച്ചുവെന്ന് കോഴ്സിന്റെ അവസാനവും വിലയിരുത്തേണ്ടത് അനിവാര്യമാണ്. പച്ചമലയാളം അടിസ്ഥാന പാഠാവലിയുടെ കാര്യത്തിൽ കോഴ്സിൽ പരിഗണിക്കപ്പെട്ട യൂണിറ്റുകളിലെ പഠനലക്ഷ്യങ്ങൾ ആസ്പദമാക്കി വ്യവഹാരരൂപങ്ങൾ, ഭാഷാവസ്തുക്കൾ, ഭാഷാശേഷികൾ എന്നീ മേഖലകൾ പരിഗണിച്ചാവണം കോഴ്സ് നിരന്തര വിലയിരുത്തൽ. ഉള്ളടക്ക മേഖലകൾക്കും ശേഷികൾക്കും ഊന്നൽ നൽകി വൈവിധ്യമുള്ള ചോദ്യമാതൃകകൾ ഉൾപ്പെടുത്താം.

ഓരോ യൂണിറ്റ്/ആശയമേഖലയ്ക്കും വിവിധ തലത്തിലുള്ള ചിന്താശേഷികൾക്കും (അറിവ് സ്വാംശീകരിക്കൽ/ധാരണ നേടൽ, ആശയങ്ങൾ/ധാരണകൾ എന്നിവയുടെ പ്രയോഗം, അപഗ്രഥനവും നിഗമനം രൂപീകരിക്കലും, വിലയിരുത്തൽ, സൃഷ്ടിപരത തുടങ്ങിയ ചിന്താശേഷികൾ) ശരിയായ വെയിറ്റേജ് നൽകിക്കൊണ്ട് ബ്ലൂപ്രിന്റ് തയ്യാറാക്കി വൈവിധ്യമാർന്ന ചോദ്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തിവേണം ചോദ്യപേപ്പർ തയ്യാറാക്കേണ്ടത്. ചോദ്യങ്ങൾക്കനുയോജ്യമായ സൂചകങ്ങൾ വികസിപ്പിക്കുകയും അവ അടിസ്ഥാനമാക്കി വിലയിരുത്തൽ നിർവഹിക്കുകയും വേണം.

**നിരന്തരവിലയിരുത്തൽ പരിശോധനാസമിതി**

ജില്ലാതല നിരന്തരവിലയിരുത്തൽ പരിശോധനാസമിതി രൂപീകരിക്കണം.

ഓരോ സെന്ററിലും നിരന്തരവിലയിരുത്തൽ ഫോർമാറ്റുകളും പഠനത്തെളിവുകളും പരിശോധന നടത്തണം. വാചാപരീക്ഷ നടത്തണം. ബ്ലോക്കടിസ്ഥാനത്തിലുള്ള പഠനകേന്ദ്രങ്ങളാണ് സന്ദർശിക്കേണ്ടത്. ഒരു സെന്ററിലേക്ക് ഒരു ദിവസത്തെ സന്ദർശനമാണ് വേണ്ടത്. ഒരു സെന്ററിലെ അധ്യാപകർ അതത് സെന്റർ പരിശോധിക്കരുത്. രണ്ടോ മൂന്നോ നിരന്തരവിലയിരുത്തൽ പരിശോധനാ ടീം രൂപീകരിക്കണം. ഒരു ടീമിൽ മൂന്ന് പേർ ഉണ്ടാകണം.

ജില്ലാതല നിരന്തരവിലയിരുത്തൽ സമിതി അതത് പഠനകേന്ദ്രങ്ങൾ സന്ദർശിക്കുമ്പോൾ പഠനകേന്ദ്രങ്ങളിലെ എല്ലാ പഠിതാക്കളുടെയും സ്കോർ രേഖപ്പെടുത്തിയ ഫോർമാറ്റുകൾ, പഠനത്തെളിവുകൾ, ഹാജർ എന്നിവ സെന്റർ കോ-ഓർഡിനേറ്റർ സമിതിക്ക് സമർപ്പിക്കേണ്ടതാണ്. അന്നേ ദിവസം എല്ലാ പഠിതാക്കളും സെന്ററിൽ ഹാജരുണ്ടാകണം. സെന്ററിൽ രേഖപ്പെടുത്തിയ സ്കോറും പഠിതാക്കളുടെ പഠനത്തെളിവുകളും അവരുടെ പ്രകടനവും ഹാജറും പരിശോധിച്ച് ഈ സമിതി നൽകുന്ന സ്കോറാണ് അന്തിമസ്കോറായി രേഖപ്പെടുത്തേണ്ടത്. പ്രസ്തുത സ്കോർ രേഖപ്പെടുത്തിയ ലിസ്റ്റ് ജില്ലാതലത്തിൽ പരിശോധിച്ച് ക്രോഡീകരിച്ച് ഒരാഴ്ചയ്ക്കകം (നിശ്ചിത തീയതി) കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ഓഫീസിലേക്ക് നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.

പ്രസ്തുത പരിശോധനയിൽ എന്തെങ്കിലും പരാതികൾ ഉണ്ടാവുകയാണെങ്കിൽ സംസ്ഥാന അസി. ഡയറക്ടർമാരിൽ ഒരാൾ, വിഷയ വിദഗ്ധർ, അതത് ജില്ലയിലെ ഡയറ്റ് ഫാക്കൽറ്റി/എസ്.എസ്.കെ ഡി.പി.ഒ എന്നിവരടങ്ങിയ സമിതി പരിശോധിച്ച് തീർപ്പ് കല്പിക്കേണ്ടതാണ്. ഇതിനായി ഏഴ് ജില്ലകളടങ്ങിയ സൗത്ത് സോൺ, നോർത്ത് സോൺ എന്നിങ്ങനെ രൂപീകരിച്ച് രണ്ട് സമിതികൾ രൂപീകരിക്കണം. ഇവർ അതത് സോണിലെ പഠനകേന്ദ്രങ്ങൾ Random checking നടത്തുകയും വേണം.

സംസ്ഥാനതലത്തിൽ സാക്ഷരതാമിഷൻ ഡയറക്ടർ, വിഷയ വിദഗ്ധർ, എസ്.സി.ഇ.ആർ.ടി പ്രതിനിധി എന്നിവരടങ്ങിയ ഒരു സംസ്ഥാന അപ്പീൽ സമിതി രൂപീകരിക്കണം. പരാതികൾ പരിഹരിക്കാനുള്ള ഉന്നതതല സമിതി ഇതായിരിക്കും. സംസ്ഥാനതലത്തിൽ പഠനകേന്ദ്രങ്ങൾ Random checking നടത്തുന്നതും ഈ സമിതി ആയിരിക്കും.

**വിലയിരുത്തൽ - വാർഷിക ക്രോഡീകരണം**

കോഴ്സിൽ പഠിതാവിന് ലഭിച്ച ഏറ്റവും മികച്ച സ്കോറാണ് സി.ഇ. സ്കോറായി പരിഗണിക്കേണ്ടത്. ഇത് അനുബന്ധം-2 ലെ ഫോർമാറ്റിൽ

ഫൈനൽ സ്കോർ എന്ന കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. പഠിതാവിന്റെ അന്തിമമായ CE സ്കോർ ആണ് ഇത്.

പച്ചമലയാളം അടിസ്ഥാനകോഴ്സിന്റെ പരീക്ഷ എന്നത് പൊതുപരീക്ഷ ആയതുകൊണ്ട് TE യിലെ എഴുത്തുപരീക്ഷയുടെ ഫൈനൽ സ്കോറുകൾ പൊതുപരീക്ഷയുടെ സ്കോർ തന്നെയായിരിക്കും.

**ഗ്രേഡിങ് രീതി**

പച്ചമലയാളം അടിസ്ഥാനകോഴ്സ് ഒന്നാംഭാഗം വിലയിരുത്തലിനായി 9 പോയിന്റ് അബ്സൊല്യൂട്ട് ഗ്രേഡിങ് രീതിയാണ് ഉപയോഗിക്കുന്നത്.

*ചുവടെ കൊടുത്തിരിക്കുന്ന പട്ടിക ഇതിനായി ഉപയോഗിക്കാവുന്നതാണ്.*

| ഗ്രേഡ് | സ്കോർ ശതമാനത്തിൽ |
|---|---|
| $A^+$ | 90-100 |
| A | 80-89 |
| $B^+$ | 70-79 |
| B | 60-69 |
| $C^+$ | 50-59 |
| C | 40-49 |
| $D^+$ | 30-39 |
| D | 20-29 |
| E | 20-ൽ താഴെ |

പഠിതാവ് ഉപരിപഠനത്തിന് യോഗ്യത നേടണമെങ്കിൽ പച്ചമലയാളം അടിസ്ഥാന കോഴ്സിന്റെ CE + TE (പൊതുപരീക്ഷ) പരിഗണിക്കുമ്പോൾ മിനിമം C+ ഗ്രേഡ് (50-59 ശതമാനം) എങ്കിലും നേടിയിരിക്കണം. ഇതോടൊപ്പം പൊതുപരീക്ഷയ്ക്ക് (TE ) പ്രത്യേകമായി മിനിമം C+ നേടുകയും വേണം.

*വിലയിരുത്തലിനുള്ള ഫോർമാറ്റുകൾ അനുബന്ധമായി നൽകുന്നു.*

## പച്ചമലയാളം

## CE രേഖപ്പെടുത്താനുള്ള ക്രോഡീകരണ ഫോർമാറ്റ്

**യൂണിറ്റ് - 1/2/3/4/5/6**

| നമ്പർ | പഠിതാവിന്റെ പേര് | CE ഇനങ്ങൾ | | | ആകെ CE സ്കോർ: 60 | CE സ്കോർ - 20ന് (ആകെ സ്കോർ ÷ 3) | ഗ്രേഡ് |
|---|---|---|---|---|---|---|---|
| | | പ്രക്രിയ | പോർട്ട് ഫോളിയോ | യൂണിറ്റ് വിലയിരുത്തൽ | | | |
| | | | | | | | |

*ഫോർമാറ്റ് - 2*

## പച്ചമലയാളം

## നിരന്തരവിലയിരുത്തൽ ക്രോഡീകരണ ഫോർമാറ്റ്

| നമ്പർ | പഠിതാവിന്റെ പേര് | യൂണിറ്റ് 1 | യൂണിറ്റ് 2 | യൂണിറ്റ് 3 | യൂണിറ്റ് 4 | യൂണിറ്റ് 5 | യൂണിറ്റ് 6 | ആകെ സ്കോർ 120 | സ്കോർ 20ന് (ആകെ സ്കോർ ÷ 6) | ഗ്രേഡ് |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |

## വാചാപരീക്ഷ (വൈവ)

1. വാചാപരീക്ഷയുടെ സ്കോർ 20 ആയിരിക്കും.
2. കോഴ്സിന്റെ അന്ത്യഘട്ടത്തിൽ നിശ്ചിതരീതികളിലായിരിക്കും ഇത്.
3. സെന്റർ കേന്ദ്രീകരിച്ചായിരിക്കും വാചാപരീക്ഷ നടക്കുന്നത്.
4. അധ്യാപകർ അതതു സെന്ററിൽ പരീക്ഷകരാകരുത്.
5. പോർട്ടുഫോളിയോയുടെ അടിസ്ഥാനത്തിലും ഭാഷാശേഷികൾ പരിഗണിച്ചുമായിരിക്കും പരീക്ഷാപ്രവർത്തന ചോദ്യങ്ങൾ.

   ഉദാ: • കഥകൾ ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്നു.
   - വിവിധ രചനകൾ ഒഴുക്കോടെ വായിക്കുന്നു.
   - കവിതകൾ ഭാവാത്മകമായി ചൊല്ലി അവതരിപ്പിക്കുന്നു.
   - ചർച്ചകളിൽ പങ്കെടുത്ത് സ്വന്തം അഭിപ്രായങ്ങൾ സമർഥിക്കുന്നു.

**പൊതുപരീക്ഷാസമീപനം**

1. ഭാഷാശേഷികളെ അടിസ്ഥാനപ്പെടുത്തിയുള്ള ചോദ്യങ്ങളാണ് ഉൾപ്പെടുത്തേണ്ടത്.
2. പരീക്ഷാസമയം രണ്ട് മണിക്കൂറായിരിക്കും.
3. ഭാഷാപഠനപ്രവർത്തനങ്ങൾക്കും വ്യവഹാരരൂപങ്ങൾക്കും ഭാഷാവസ്തുതകൾക്കുമാണ് പരീക്ഷയിൽ പ്രാധാന്യം നൽകേണ്ടത്.
4. വസ്തുനിഷ്ഠം, ഹ്രസ്വോത്തരം, ദീർഘോത്തരം എന്നീ മാതൃകയിൽ ഉത്തരം ലഭിക്കുന്ന ചോദ്യപ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തേണ്ടത്.